**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 154** **12-02-2024 - ൽ മറുപടിയ്ക്ക്**

**കുടുംബശ്രീ ശാക്തീകരണ ക്യാമ്പയ്ൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല,<br>ശ്രീ. പി. നന്ദകുമാർ,<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീ. മുരളി പെരുനെല്ലി | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | കുടുംബശ്രീയുടെ ത്രിതല സംഘടനാ ശാക്തീകരണം ലക്ഷ്യം വച്ചുകൊണ്ട് സ്ത്രീ ശാക്തീകരണ ക്യാമ്പയ്ന്റെ ഭാഗമായി സംഘടിപ്പിക്കുന്ന തിരികെ സ്കൂളിൽ എന്ന പരിപാടിയുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | 25 വർഷം കൊണ്ട് സംസ്ഥാനത്ത് ദാരിദ്ര്യ നിർമാർജന യജ്ഞമായി ആരംഭിച്ച പദ്ധതിയിൽ നിന്ന് വളർന്നു സാമൂഹ്യപുരോഗതിക്കുള്ള നിരവധി പദ്ധതികളിലെ നിലവിൽ സജീവ പങ്കാളിത്തമായി കുടുംബശ്രീ മാറിക്കഴിഞ്ഞിട്ടുണ്ട്. കുടുംബശ്രീയുടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഹെല്പ് ഡെസ്കുകൾ, SHE STARTS സംരംഭ പദ്ധതി, പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തിനുള്ള സമുന്നതി പദ്ധതി, ആദിവാസിമേഖലകളിൽ കമ്മ്യൂണിറ്റി കിച്ചൻ, ഹോം ഷോപ് പദ്ധതി, എസ് വി ഇ പി, റേഡിയോശ്രീ, വിശപ്പുരഹിത കേരളത്തിനായുള്ള ജനകീയ ഹോട്ടൽ പദ്ധതി, ഡിജിറ്റൽ സാക്ഷരതാ ക്യാമ്പയിൻ, കിബ്സ്, കേരള ചിക്കൻ, ശുചിത്വ മിഷൻ ആരംഭിച്ച ടേക്ക് എ ബ്രേക്ക്, മാലിന്യ മുക്ത കേരളം എന്നിവയിൽ പ്രധാന പങ്ക് വഹിക്കുന്നു. കാൽ നൂറ്റാണ്ടു കാലത്തെ അഭിമാനകരമായ വളർച്ചക്കിടയിലും കുടുംബശ്രീ സംഘടനാ സംവിധാനത്തിൽ ചില ദുർബലതകൾ കണ്ടെത്തിയിരുന്നു. അവ പരിഹരിച്ച് കുടുംബശ്രീ സംവിധാനത്തെ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനും വേണ്ടി വിദ്യാഭ്യാസ വകുപ്പിന്റെ സഹായത്തോടു കൂടി 2023 ഒക്ടോബർ 1 മുതൽ 2023 ഡിസംബർ 10 വരെ നടപ്പിലാക്കിയ ബൃഹത്ത് പരിശീലന പരിപാടിയാണ് തിരികെ സ്കൂളിൽ ക്യാമ്പെയിൻ. മുഴുവൻ കുടുംബശ്രീ അംഗങ്ങളും ഒഴിവ് ദിവസം സ്കൂളിലേയ്ക്ക് വന്ന് 50 പേരുടെ ഗ്രൂപ്പായി തിരിഞ്ഞ് ക്ലാസ് റൂമിലിരുന്ന് 5 വിഷയങ്ങളെ ആസ്പദമാക്കി പഠിക്കുന്ന പഠന പ്രക്രിയാണ് തിരികെ സ്കൂളിൽ. പഠനത്തോടൊപ്പം മാനസിക ഉല്ലാസം സാധ്യമാകുന്ന രീതിയിലാണ് പഠന പ്രക്രിയ വിഭാവനം ചെയ്തത്. പ്രസ്തുത ക്യാമ്പെയിന് ഏറ്റവും |

| | | | |
|---|---|---|---|
| | | | കൂടുതൽ വനിതകൾ പങ്കെടുത്ത പരിശീലനത്തിനുള്ള ഏഷ്യ ബുക്ക്സ് ഓഫ് റെക്കാർഡ്സ്, ഇന്ത്യ ബുക്ക്സ് ഓഫ് റെക്കാർഡ്സ് എന്നീ രണ്ട് റെക്കാർഡുകൾ ലഭിച്ചു. |
| (ബി) | പ്രസ്തുത ക്യാമ്പയ്ൻ മുഖേന അയൽക്കൂട്ട ശൃംഖലയിൽ ഇതുവരെ എത്ര പേരെ ചേർക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന വിവരം ലഭ്യമാണോ; എങ്കിൽ അറിയിക്കാമോ; | (ബി) | ബാക്ക് ടു സ്കൂൾ പരിശീലന പരിപാടിയിൽ 3,11,758 അയൽക്കൂട്ടങ്ങളിൽ നിന്നും 38,70,794 പേർ പങ്കെടുത്തു. പ്രസ്തുത പരിശീലനം നിലവിലുള്ള അംഗങ്ങൾക്ക് വേണ്ടിയുള്ളതാണ്.<br>അയൽക്കൂട്ടങ്ങളിൽ പുതിയ അംഗങ്ങളെ ചേർക്കുന്നതിന് പദ്ധതി വിഭാവനം ചെയ്യുന്നില്ല. |
| (സി) | പ്രസ്തുത ക്യാമ്പയ്നെ തുടർന്ന് കുടുംബശ്രീ ഏറ്റെടുക്കുവാൻ തീരുമാനിച്ചിട്ടുള്ള പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; | (സി) | വിജയകരമായി പൂർത്തീകരിച്ച തിരിക സ്കൂളിൽ എന്ന പദ്ധതിയിൽ നിന്നുള്ള ഊർജ്ജം ഉൾക്കൊണ്ടുകൊണ്ട് ഒരു വർഷം കൊണ്ട് 3 ലക്ഷം സ്ത്രീകൾക്ക് ഉപജീവനം ഉറപ്പുവരുത്തി, അവരുടെ വരുമാനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി 2024-25 സാമ്പത്തിക വർഷം K-LIFT (Kudumbashree Livelihood Initiative for Transformation) എന്ന പേരിൽ കുടുംബശ്രീയുടെ നേതൃത്വത്തിൽ പ്രത്യേക ഉപജീവന ക്യാമ്പെയിൻ സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാന ബജറ്റിൽ വകയിരുത്തിയ തുക, വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിഹിതം, സ്വകാര്യ-പൊതുമേഖല സ്ഥാപനങ്ങളുടെ സി.എസ്.ആർ. ഫണ്ടുകൾ, വിവിധ വായ്പ പദ്ധതികൾ ഉൾപ്പെടെ ഏകദേശം 430 കോടി രൂപയുടെ ഉപജീവന പരിപാടികളാണ് ഈ ക്യാമ്പെയിൻ വഴി ലക്ഷ്യം വയ്ക്കുന്നത്. പ്രസ്തുത ക്യാമ്പെയിന്റെ ഉദ്ഘാടനം 2024 ഫെബ്രുവരി 6-ന് നിർവ്വഹിക്കപ്പെട്ടു. |
| (ഡി) | കുടുംബശ്രീ നിലവിൽ നടത്തിവരുന്ന പദ്ധതികൾ കാലാനുസൃതമായി നവീകരിക്കുന്നതിനും പ്രൊഫഷണലിസം കൊണ്ടുവരുന്നതിനും ഉതകുന്ന തരത്തിൽ പദ്ധതികളെ പുനരാവിഷ്കരിച്ച് നടപ്പാക്കുന്നതിന് നിർദ്ദേശം നൽകുമോ; വിശദമാക്കുമോ? | (ഡി) | ഈ വർഷം തന്നെ 3 ലക്ഷം കുടുംബശ്രീ അംഗങ്ങൾക്ക് ഉപജീവനം ഉറപ്പുവരുത്തി വരുമാനം വർദ്ധിപ്പിക്കുന്നതിനായി പ്രത്യേക ഉപജീവന പരിപാടിയായ K-LIFT നടപ്പിലാക്കും. നിലവിലുള്ള പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും പ്രൊഫഷണലിസം കൊണ്ടു വരുന്നതിനും നിരവധി പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്. ത്രീ സ്റ്റാർ ഹോട്ടലിനെ വെല്ലുന്ന രീതിയിൽ മുഴുവൻ ജില്ലകളിലും പ്രീമിയം കഫെ തുടങ്ങാൻ തീരുമാനിച്ചിട്ടുണ്ട്. ഓക്സിലറി ഗ്രൂപ്പുകളെ ശക്തിപ്പെടുത്തി വൈജ്ഞാനിക തൊഴിൽ സാധ്യതകളെ കൂടുതൽ പ്രയോജനപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. കൃഷി-മൃഗസംരക്ഷണ മേഖലയിൽ കൂടുതൽ ഇടപെടൽ നടത്തും. അയൽക്കൂട്ടങ്ങളെ കൾച്ചറൽ റിക്രിയേഷൻ സെന്ററാക്കി വികസിപ്പിക്കുന്നതിനും ഉദ്ദേശിക്കുന്നു. സംസ്ഥാനത്ത് |

| | | | |
|---|---|---|---|
| | | | ദാരിദ്ര്യ നിർമാർജന യജ്ഞമായി ആരംഭിച്ച പദ്ധതിയിൽ നിന്ന് വളർന്നു സാമൂഹ്യ പുരോഗതിക്കുള്ള നിരവധി പദ്ധതികളിൽ നിലവിൽ സജീവ പങ്കാളിത്തമായി കുടുംബശ്രീ മാറിക്കഴിഞ്ഞിട്ടുണ്ട്. കുടുംബശ്രീയുടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഹെല്പ് ഡെസ്കുകൾ, SHE STARTS സംരംഭ പദ്ധതി, പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തിനുള്ള സമുന്നതി പദ്ധതി, ആദിവാസിമേഖലകളിൽ കമ്മ്യൂണിറ്റി കിച്ചൻ, ഹോം ഷോപ് പദ്ധതി, എസ് വി ഇ പി, റേഡിയോശ്രീ, വിശപ്പുരഹിത കേരളത്തിനായുള്ള ജനകീയ ഹോട്ടൽ പദ്ധതി, ഡിജിറ്റൽ സാക്ഷരതാ ക്യാമ്പയിൻ, കിബ്സ്, കേരള ചിക്കൻ, ശുചിത്വ മിഷൻ ആരംഭിച്ച ടേക്ക് എ ബ്രേക്ക്, മാലിന്യ മുക്ത കേരളം എന്നിവ അവയിൽ പ്രധാന പങ്ക് വഹിക്കുന്നു<br><br>കുടുംബശ്രീയുടെ നിലവിലുള്ള പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനും ഭാവി പ്രവർത്തനങ്ങൾ രൂപകല്പന ചെയ്യുന്നതിനുമായി തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി തലത്തിൽ അവലോകന യോഗങ്ങൾ നടത്തുകയും ആവശ്യമായ നിർദേശങ്ങൾ നൽകുകയും ചെയ്തുവരുന്നു. |

സെക്ഷൻ ഓഫീസർ